ഏറ്റവുമധികം ആനുകൂല്യം കൊടുക്കുവാൻ കഴിയുന്ന തരത്തിൽത്തന്നെ ഈ പ്രശ്നം പരിഹരിച്ച് മുന്നോട്ടുപോകാൻ ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണ്. ഗവൺമെന്റ് അത് എറ്റെടുത്തുകൊണ്ടുതന്നെയാണ് മുന്നോട്ടുപോകുന്നത്. യാതൊരു തരത്തിലുള്ള ആശങ്കയും ഈ കാര്യത്തിൽ വേണ്ടെന്ന് ഞാൻ ബഹുമാനപ്പെട്ട അംഗത്തെ അറിയിക്കുകയാണ്.

(3) കോഴിക്കോട് ജില്ലയിലെ അടച്ചുപൂട്ടിയ വ്യവസായ സ്ഥാപനങ്ങളിലെ തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങൾ

ശ്രീ. ടി. പി. രാമകൃഷ്ണൻ : സർ, കോഴിക്കോട് ജില്ലയിൽ അടച്ചുപൂട്ടിയ രണ്ട് പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളാണ് കേരള സോപ്സ് ആന്റ് ഓയിൽസും കോട്ടൺ മില്ലും. ഈ രണ്ട് സ്ഥാപനങ്ങളുടെ പ്രശ്നങ്ങളെ സംബന്ധിച്ച് വ്യവസായ വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ഒരുവർഷം മുമ്പ് ചില തീരുമാനങ്ങൾ കൈക്കൊണ്ടിരുന്നു. കേരള സോപ്സ് ആന്റ് ഓയിൽസിലെ തൊഴിലാളികൾക്ക് 10-25 വർഷം മുമ്പുള്ള ശമ്പളഘടനയാണുള്ളത്. തൊഴിലാളികൾ പിരിഞ്ഞു പോകാമെന്നുള്ള ധാരണയിലെത്തിയിട്ടുണ്ട്. പക്ഷേ ശമ്പള ഘടനയിൽ മാറ്റം വരുത്തി ഈ പ്രശ്നത്തിന് പരിഹാരമുണ്ടാക്കാമെന്നുള്ള ഗവൺമെന്റ് തലത്തിലുണ്ടായിട്ടുള്ള ഉറപ്പ് ഇതുവരെ നടപ്പിലായിട്ടില്ല. ഗവൺമെന്റ് തലത്തിൽ തീരുമാനിച്ച കാര്യങ്ങൾ നടപ്പിലാക്കാൻ നടപടി ശക്തമാക്കുമോ എന്നുള്ളതാണ് അറിയേണ്ടത്. കുറെ തൊഴിലാളികൾ പിരിഞ്ഞുപോയി. ബാക്കിയുള്ള തൊഴിലാളികളുടെ പ്രശ്നങ്ങൾക്ക് അടിയന്തിരമായി പരിഹാരമുണ്ടാകേണ്ടതായിട്ടുണ്ട്. ഈ കാര്യത്തിലാണ് ഒരു നിലപാട് പറയേണ്ടത്. കോട്ടൺ മിൽ ലേ ഓഫിലാണ്. ലേ ഓഫിലായ കോട്ടൺ മില്ലിൽ ലേ ഓഫ് വേജ് കൊടുക്കുന്നില്ല. നിയമാനുസൃതമായി കോട്ടൺ മില്ലിലെ തൊഴിലാളികൾക്ക് ലേ ഓഫ് വേജ് കൊടുക്കേണ്ടതാണ്. ഒരു വർഷത്തിനുള്ളിൽ ഈ സ്ഥാപനം തുറന്നു പ്രവർത്തിപ്പിക്കുക എന്നുള്ളതാണ് അന്ന് ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ തീരുമാനിച്ചത്. ഇപ്പോൾ ലേ ഓഫ് വേജ് കൊടുക്കുന്നില്ല. ഇത് തുറന്ന് പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ നടപടികളും സ്വീകരിക്കുന്നില്ല. ഈ രണ്ട് പ്രശ്നങ്ങളിലും ബഹുമാനപ്പെട്ട തൊഴിൽ വകുപ്പു മന്ത്രിയുടെ ഭാഗത്തുനിന്നും നിയമാനുസൃതമായി എന്തു നിലപാട് സ്വീകരിക്കാൻ കഴിയുമെന്നുള്ളത് പറയേണ്ടതുണ്ട്. കോഴിക്കോട് ജില്ലയിൽ 10 ഓട് കമ്പനികൾ അടച്ചുപൂട്ടിയിട്ടുണ്ട്. ചെറുകിട ഇഷ്ടിക കമ്പനികളെന്നുപറയുന്നത് നൂറുകണക്കിനാണ് അടച്ചുപൂട്ടിയിരിക്കുന്നത്. കോഴിക്കോട് ജില്ലയിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു വ്യവസായ മേഖലയാണ് ഫറൂഖ് മേഖല. ഈ മേഖലയിലുള്ള ഓട് കമ്പനികൾ, ഇഷ്ടിക കട്ടകൾ നിർമ്മിക്കുന്ന നിരവധി യൂണിറ്റുകൾ ഇതെല്ലാം അടച്ചുപൂട്ടിക്കഴിഞ്ഞു. ഓട് കമ്പനികൾ നേരിടുന്ന പ്രയാസങ്ങളുടെ ഭാഗമായി നൂറുകണക്കിന് എഞ്ചിനീയറിംഗ് യൂണിറ്റുകളും അടഞ്ഞിരിക്കുകയാണ്. ജില്ലയിലാകെ പി.എൽ. കാഷ്യൂ, മമ്മിളി കോഫി ആന്റ് കാഷ്യൂ എന്നീ രണ്ട് കശുവണ്ടി ഫാക്ടറികളാണുണ്ടായിരുന്നത്. ഇതു രണ്ടും അടച്ചുപൂട്ടി. പിന്നെ അവിടെ അടച്ചുപൂട്ടിയിരിക്കുന്ന വ്യവസായ സ്ഥാപനമാണ്

LIBRARY ARCHIVES Kerala Legislative Assembly

കിനാലൂർ എസ്റ്റേറ്റ്. അവിടെ ഉടമയും തൊഴിലാളികളും തമ്മിലുള്ള തീരുമാനത്തിന്റെ ഭാഗമായി നഷ്ടപരിഹാരമായി സ്ഥലം കൊടുക്കാൻ തീരുമാനിച്ചു. എന്നാൽ അതിന്റെ രേഖ ഇതുവരെ ആയിട്ടില്ല. വലിയ സംഘർഷാവസ്ഥയാണ് അവിടെയുള്ളത്. അവർക്ക് റബ്ബർ എടുത്തു കൊണ്ടുപോകാൻ കഴിയുന്നില്ല. ഇത്തരം പ്രശ്നങ്ങളെല്ലാം വളരെ സങ്കീർണ്ണമായി നിൽക്കുകയാണ്. മാവൂർ ഗ്വാളിയർ റയോൺസ് ഈ കാലത്ത് അടച്ചുപൂട്ടിയതാണെന്നുള്ളത് ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രിക്ക് അറിയാമല്ലോ. ഇങ്ങനെയുള്ള പ്രശ്നങ്ങളുടെയെല്ലാം ഭാഗമായി കഴിഞ്ഞ മൂന്നുനാല് വർഷക്കാലത്തിനിടയിൽ ഫാക്ടറികളിലും കമ്പനികളിലുമെല്ലാമായി ജോലി ചെയ്തിരുന്ന ഏകദേശം 30,000-ത്തോളം തൊഴിലാളികൾക്ക് ജോലി നഷ്ടപ്പെട്ടിട്ടുണ്ട്. പരമ്പരാഗത വ്യവസായ മേഖലയിലെ തൊഴിലാളികൾ വേറെ. ഇങ്ങനെ തൊഴിൽ നഷ്ടപ്പെട്ട തൊഴിലാളികൾക്ക് എന്തെങ്കിലും പരിരക്ഷ നൽകാനോ അതുപോലെതന്നെ ഈ സ്ഥാപനങ്ങളെല്ലാം അടച്ചുപൂട്ടുമ്പോൾ അടച്ചുപൂട്ടുന്നതിനിടയായ സാഹചര്യം എന്തെന്നും അതിന് എങ്ങനെ പരിഹാരമുണ്ടാക്കാൻ കഴിയുമെന്നുമുള്ള യാതൊരു തരത്തിലുള്ള ഇടപെടലും ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകുന്നില്ല. യഥാർത്ഥത്തിൽ പതിനായിരക്കണക്കിന് തൊഴിലാളികൾ അങ്ങേയറ്റത്തെ ദുരിതത്തിലും പട്ടിണിയിലുമാണ് കഴിയുന്നത്. ആ തൊഴിലാളികളെ സഹായിക്കാൻ എന്തു നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്? വ്യവസായത്തിനുവേണ്ടി ഏറ്റെടുത്ത ഭൂമിയാണ് മാവൂർ റയോൺസിന് വേണ്ടിയുള്ള ഭൂമി. ആ ഭൂമി ഗവൺമെന്റ് തിരിച്ചെടുക്കണം. ഗവൺമെന്റ് തിരിച്ചെടുത്തു കഴിഞ്ഞാൽ, അവിടെ മറ്റു രീതിയിലുള്ള ഏതെങ്കിലും യൂണിറ്റുകൾ സ്ഥാപിക്കുവാൻ കഴിയുമോ എന്നുള്ളതിനെക്കുറിച്ച് പഠനം നടത്തേണ്ടതുണ്ട്. അങ്ങനെ മാത്രമേ ഈ പ്രശ്നത്തിനു പരിഹാരം ഉണ്ടാക്കാൻ കഴിയൂ. അവിടത്തെ കരാർ തൊഴിലാളികളുടെ പ്രശ്നങ്ങൾ നമുക്ക് പരിഹരിക്കാൻ കഴിയുന്നില്ല എന്നുള്ള കാര്യം തൊഴിൽ വകുപ്പുമന്ത്രിക്ക് അറിയാമല്ലോ. അവസാനം അതു അഡ്ജുഡിക്കേഷനു വിടുന്ന ഒരു നിലപാടിലാണ് എത്തിയിട്ടുള്ളത്. ഒരു തവണ പോലും അതിന്റെ ടോപ്പ് മാനേജുമെന്റിനെ ഗവൺമെന്റിനുമുമ്പിൽ കൊണ്ടുവരാൻ കഴിഞ്ഞിട്ടില്ല. ഇങ്ങനെ എല്ലാമുള്ള പ്രശ്നങ്ങളുടെ ഫലമായി തൊഴിലാളികളെല്ലാം അങ്ങേയറ്റം ദുരിതത്തിലാണ്. കുന്നത്തറ ടെക്സ്റ്റൈൽസും നാളികേര കോംപ്ലക്സും വർഷങ്ങൾക്കുമുമ്പേ അടഞ്ഞുകിടക്കുന്ന സ്ഥാപനങ്ങളാണ്. ആ മേഖലയിലുള്ള തൊഴിലാളികളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താൻ ഗവൺമെന്റ് എന്ത് നടപടിയാണ് സ്വീകരിക്കുന്നത് എന്നുള്ള കാര്യം ഇവിടെ വ്യക്തമാക്കണം.

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ) : സർ, കഴിഞ്ഞ ദിവസം കണ്ണൂരിലെ അടഞ്ഞുകിടക്കുന്ന സ്ഥാപനങ്ങളെക്കുറിച്ച് പറഞ്ഞത് ഇവിടേയും പ്രസക്തമാണ്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ ടെക്സ്റ്റൈൽസ് മേഖലയും ഇഷ്ടിക വ്യവസായവും ടൈൽസ് വ്യവസായവും ഓട് വ്യവസായവും ഗുരുതരമായ പ്രതിസന്ധി നേരിടുകയാണ്. തൊഴിൽ തർക്കങ്ങളല്ല അവിടത്തെ പ്രശ്നങ്ങൾ. കേരളത്തിലെ എല്ലാ ടെക്സ്റ്റൈൽസ് മില്ലുകളും പ്രതിസന്ധിയെ നേരിടുകയാണ്. അവരുടെ പ്രൊഡക്ഷൻ കോസ്റ്റ് മറ്റു സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ വളരെ കൂടുതലാണ്. വ്യവസായ രംഗത്ത് പിടിച്ചുനിൽക്കാൻ കഴിയുന്നില്ല

LIBRARY ARCHIVES Kerala Legislative Assembly

എന്നുള്ളതുകൊണ്ട് മാനേജുമെന്റുകൾ പുറകോട്ടുപോകുകയാണ്. കേരളത്തിലെ ടെക്സ്റ്റൈൽ മില്ലുകളുടെ കാര്യത്തിൽ ബഹുമാനപ്പെട്ട ഇൻഡസ്ട്രീസ് മിനിസ്റ്റർ തന്നെ മുൻകൈ എടുത്ത് ഒന്നു രണ്ടു ചർച്ചകൾ നടത്തിയിട്ടുണ്ട്. ടെക്സ്റ്റൈൽ മേഖലയുടെ പ്രശ്നങ്ങൾ ബഹുമാനപ്പെട്ട വൈദ്യുതി മന്ത്രിയുമായി ചർച്ച ചെയ്ത്, ഇതിന് പരിഹാരമായി ഒരു പാക്കേജ് ഉണ്ടാക്കുന്നതിന് ശ്രമിക്കുന്നതാണ്. അടഞ്ഞു കിടക്കുന്ന ഫാക്ടറികൾ തുറന്ന് പ്രവർത്തിപ്പിക്കണമെങ്കിൽ അവർക്ക് കൊടുത്തു തീർക്കാൻ ധാരാളം ഡ്യൂസുണ്ട്. ഇലക്ട്രിസിറ്റി ചാർജ്ജസിൽ ഡ്യൂസുണ്ട്; മറ്റു ഡ്യൂസുണ്ട്. അതിനൊക്കെ ഒരു മൊറട്ടോറിയം നൽകി, കുറച്ചു ഇൻവെസ്റ്റുമെന്റ് അവർ നടത്തിയാലേ പറ്റൂ. വർക്കിംഗ് ക്യാപ്പിറ്റൽ കൊണ്ടുവരാതെ ഇതൊന്നും നടത്താൻ പറ്റില്ല. ഇങ്ങനെയൊക്കെയുള്ള സാങ്കേതിക പ്രശ്നങ്ങളാണ് ഉള്ളത്.

ശ്രീ. ടി. പി. രാമകൃഷ്ണൻ: അവിടത്തെ തർക്കങ്ങളെ സംബന്ധിച്ചൊന്നും പറഞ്ഞില്ല.

ശ്രീ. ബാബു ദിവാകരൻ: മലബാർ സ്പിന്നിംഗ് ആന്റ് വീവിംഗ് മില്ലിന്റെ തർക്കം കോഴിക്കോട് ലേബർ കോടതിയുടെ പരിഗണനയിലാണ്. വ്യവസായ വകുപ്പുമന്ത്രിയുമായി നിങ്ങൾ എന്തെങ്കിലും ചർച്ച നടത്തി, അതിനകത്ത് എന്തെങ്കിലും തീരുമാനമുണ്ടായിട്ടുണ്ടെങ്കിൽ, വ്യവസായ വകുപ്പുമന്ത്രിയുമായി ആലോചിച്ചിട്ട് അതു നടപ്പാക്കാം. അതിൽ പ്രശ്നമില്ല. പക്ഷേ അവരുടെ ഡ്യൂസ് കൊടുക്കുന്നതിനെ സംബന്ധിച്ച് ലേബർ കോടതിയിൽ ഒരു തർക്കമുണ്ട് എന്നാണ് എനിക്ക് കിട്ടിയ വിവരം. 111 തൊഴിലാളികൾ ജോലി ചെയ്യുന്ന പ്രസ്തുത സ്ഥാപനത്തിന്റെ തർക്കം ഇപ്പോഴും കോടതിയുടെ പരിഗണനയിൽ തന്നെയാണ്. ടെക്സ്റ്റൈൽസും ഓട് വ്യവസായവും നേരിടുന്ന പ്രതിസന്ധി, ലേബർ പ്രശ്നങ്ങൾ കൊണ്ടോ വ്യവസായ മന്ത്രിയുടെ ഇടപെടൽ കൊണ്ടോ മാത്രം തീരുന്ന ഒന്നല്ല. അതിനകത്ത് കാതലായ ഒന്ന് രണ്ട് പ്രശ്നങ്ങൾ കൂടിയുണ്ട്. ടെക്സ്റ്റൈൽസിന്റെ കാര്യത്തിൽ, ലോകത്തെമ്പാടുമുള്ള ടെക്സ്റ്റൈൽ വ്യവസായം നേരിടുന്ന ഒരു ഗുരുതരമായ അവസ്ഥയുണ്ട്. ചൈനയിൽ നിന്നും ഏറ്റവും കുറഞ്ഞ ചെലവിൽ ഉല്പന്നങ്ങൾ ഇന്ത്യയിലെ മാർക്കറ്റിലും മറ്റ് ലോക മാർക്കറ്റിലും വന്നതിനാൽ, ഇന്ത്യയിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു വ്യവസായമായ ടെക്സ്റ്റൈൽ വ്യവസായം ഗുരുതരമായ പ്രതിസന്ധിയെ നേരിടുകയാണ്. ഈ മേഖലയിൽ റീസ്ട്രക്ചറിംഗ് നടപ്പാക്കണം. ഇന്നിപ്പോൾ മോഡേൺ മെഷീൻസ് വന്നിട്ടുണ്ട്. പഴയ മെഷീനുകളെല്ലാം തന്നെ 50, 60 വർഷത്തിൽ കൂടുതൽ പഴക്കമുള്ളവയാണ്. അതിന്റെ ഉല്പാദനശേഷി, പുതിയ മെഷീനുകളുമായി താരതമ്യപ്പെടുത്തുമ്പോൾ വളരെ കുറവാണ്. ഇതൊന്നും നമ്മുടെ തലത്തിൽ നിന്നുകൊണ്ടു മാത്രം പരിഹാരം കാണാൻ കഴിയുന്ന കാര്യങ്ങളല്ല. തൊഴിലാളികളെ സംബന്ധിച്ചിടത്തോളം സ്റ്റാറ്റ്യൂട്ടറിയായി അവർക്ക് ലഭിക്കാനുള്ള ആനുകൂല്യമാണ് പ്രശ്നം. ബഹുമാനപ്പെട്ട ടി. പി. രാമകൃഷ്ണനറിയാം, പല സ്ഥാപനങ്ങളിലും തൊഴിലാളികൾ വി.ആർ.എസ്. വാങ്ങി പോയിക്കഴിഞ്ഞു. അതു കൊടുക്കുന്നതിനെക്കുറിച്ചുള്ള തർക്കങ്ങളാണ് ഇപ്പോൾ നിലനിൽക്കുന്നത്. മാവൂർ ഗ്വാളിയോർ റയോൺസിന്റെ കാര്യം അങ്ങ് പറഞ്ഞു. അവിടത്തെ പ്രശ്നം അങ്ങേയ്ക്കും അറിയാം. വർഷങ്ങളായി നിലനിന്ന പ്രശ്നം, എല്ലാവർക്കും

LIBRARY ARCHIVES Kerala Legislative Assembly

സ്വീകാര്യമായ നിലയിൽ ഈ ഗവൺമെന്റിന് പരിഹരിക്കാൻ കഴിഞ്ഞു. അവശേഷിക്കുന്ന കുറച്ച് ടെമ്പററി തൊഴിലാളികളുടെ പ്രശ്നമുണ്ട്. അതു ലേബർ കോടതിയുടെ പരിഗണനയ്ക്ക് വിടേണ്ടിവന്ന സാഹചര്യവും അങ്ങേയ്ക്കറിയാം. അതു പരിഹരിക്കാൻ നമ്മൾ ആവുന്നത്ര ശ്രമം നടത്തിയതാണ്. പക്ഷേ മൂവായിരത്തിലധികം യൂണിറ്റുകൾക്ക്, അതിന്റെ നമ്പറിൽ തന്നെ ഒരു സ്ഥിരത കണ്ടെത്താൻ കഴിഞ്ഞില്ല. ക്ലെയിം വന്നപ്പോൾ ആദ്യം മൂവായിരം എന്ന് പറയുകയും പിന്നീട് 1500 ആകുകയും ചെയ്തു. ഇങ്ങനെയുള്ള പല കാരണങ്ങൾ കൊണ്ട് അതു കോടതിക്കു വിടേണ്ടി വന്നു. ഇപ്പോൾ അതു കോടതിയുടെ പരിഗണനയിലാണ്. ആ സ്ഥലം വ്യവസായ സംരംഭങ്ങൾക്കുവേണ്ടി ഉപയോഗിക്കാൻ തയ്യാറാണെന്ന് മാനേജുമെന്റ് അറിയിച്ചിട്ടുണ്ട്. പ്രശ്നങ്ങൾ തീർന്നില്ല. അവിടെ എന്തെങ്കിലും പുതിയ വ്യവസായങ്ങൾ ആരംഭിക്കുന്നതിനെക്കുറിച്ച് വളരെ ഗൗരവമായി ആലോചിക്കുന്നതാണ്.

(4) പേരൂർക്കട ഗവണ്മെന്റ് ആശുപത്രി ജില്ലാ ആശുപത്രിയായി പ്രഖ്യാപിക്കണമെന്ന ആവശ്യം

ശ്രീ. കെ. മോഹൻകുമാർ : സർ, കേരളത്തിലെ ഏറ്റവും പഴക്കം ചെന്ന ആശുപത്രികളിൽ ഒന്നാണ് 19-ാം നൂറ്റാണ്ടിൽ സ്ഥാപിതമായ പേരൂർക്കട ഗവൺമെന്റ് ആശുപത്രി. ഈ ജില്ലയുടെ വിവിധ ഭാഗങ്ങളിൽ നിന്നായി പ്രതിദിനം 1500-ഓളം രോഗികളാണ് ഔട്ട് പേഷ്യൻസായി ഈ ആശുപത്രിയിൽ എത്തിച്ചേരുന്നത്. 337 കിടക്കകളും 33 ഡോക്ടർമാരുമുള്ള ഈ സ്ഥാപനത്തിൽ 24 മണിക്കൂർ കാഷ്വാലിറ്റിയും ട്രോമാ കെയർ യൂണിറ്റും വേണമെന്ന ജനകീയാഭിലാഷം മുമ്പും ഞാൻ ഈ സഭയിൽ അവതരിപ്പിച്ചിട്ടുണ്ട്. മെഡിക്കൽ കോളേജിലെ തിക്കും തിരക്കും ഒഴിവാക്കുന്നതിന്റെ ഭാഗമായി നഗരപ്രാന്തത്തിലെ ഈ ആശുപത്രി ജില്ലാ ആശുപത്രി ആയി പ്രഖ്യാപിക്കണമെന്ന ആവശ്യത്തിനു വർഷങ്ങളുടെ പഴക്കമുണ്ട്. വാഹനാപകടം ക്രമാതീതമായ ഈ കാലത്ത്, ഉച്ചയ്ക്കുശേഷം അത്യാഹിത വിഭാഗം പ്രവർത്തിപ്പിക്കാത്ത ഈ ആശുപത്രിയുടെ ശാപമോക്ഷത്തിനായി മുൻമന്ത്രി ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്ററുടെ നേതൃത്വത്തിൽ എടുത്ത തീരുമാനങ്ങൾ ഒരു ഫയലായി സെക്രട്ടേറിയറ്റിൽ മോക്ഷം കിട്ടാതെ അലയുകയാണ്. ഏഴ് കിലോമീറ്ററിനുള്ളിൽ ജില്ലാ ആശുപത്രിയും ജനറൽ ആശുപത്രിയും ഉള്ള പത്തനംതിട്ട, കോഴഞ്ചേരി മാതൃകയിൽ പേരൂർക്കട ഗവൺമെന്റ് ആശുപത്രിയെ ജില്ലാ ആശുപത്രിയായി പ്രഖ്യാപിക്കണം. എല്ലാ ദിവസവും 24 മണിക്കൂറും പ്രവർത്തിക്കുന്ന കാഷ്വാലിറ്റിയും ട്രോമാകെയർ യൂണിറ്റും അനുവദിക്കണമെന്നുമുള്ള ആവശ്യം ഒരിക്കൽക്കൂടി ഞാൻ ഈ സഭയുടെ അനുകൂലമായ പരിഗണനയ്ക്കായി സമർപ്പിക്കുന്നു.

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) : ബഹുമാനപ്പെട്ട കെ. മോഹൻകുമാർ ഇവിടെ പറഞ്ഞ കാര്യങ്ങളോട് എനിക്ക് എതിർപ്പില്ല. ഇപ്പോഴത്തെ ധനകാര്യ വകുപ്പുമന്ത്രി ഹെൽത്ത് മിനിസ്റ്ററായിരുന്ന കാലത്ത് തിരുവനന്തപുരം മെഡിക്കൽ കോളേജിനെ റഫറൽ ഹോസ്പിറ്റൽ ആക്കുന്നതിനുവേണ്ടിയുള്ള നടപടികൾ എടുത്തതാണ്. അതിന്റെ

LIBRARY ARCHIVES Kerala Legislative Assembly